പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2030 — 07.12.2015-ൽ മറുപടിക്ക്.

സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിലെ സെൻസിറ്റീവ് ഏരിയകളിൽ എത്ര സിസിറ്റിവി ക്യാമറകളാണ് സ്ഥാപിച്ചതെന്ന് വിശദമാക്കുമോ;<br><br>(ബി) ഇതിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തിക്കാത്തവ എത്രയാണെന്നും വിശദമാക്കുമോ; | (എ & ബി)<br>ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ പരിധിയിലെ സെൻസിറ്റീവ് ഏരിയകളിൽ 32 ക്യാമറകളാണ് സ്ഥാപിച്ചിരുന്നത്. ഇവയിൽ 4 ക്യാമറകൾ ഈ സ്ഥലങ്ങളിലെ റോഡു പണിമൂലം അഴിച്ചുമാറ്റി വെച്ചിരിക്കുകയാണ്. ബാക്കിയുള്ള ക്യാമറകളിൽ 25 എണ്ണം പ്രവർത്തിച്ചുവരുന്നതും 3 എണ്ണം തകരാറിലായവയുമാണ്. |
| (സി) പ്രവർത്തിക്കാത്തവയുടെ തകരാർ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ